സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 189 2024 നവംബർ 14 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ത്രിതല പഞ്ചായത്തുകൾക്ക്267 കോടി രൂപ അനുവദിച്ചതായി ധനകാര്യ മന്ത്രി

തിരു സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്ക് 267 കോടി രൂപകൂടി അനുവദിച്ചതായി ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ അറിയിച്ചു. ഉപാധിരഹിത ബേസിക് ഗ്രാന്റാണ് അനുവദിച്ചത്.

ഗ്രാമ പഞ്ചായത്തുകൾക്ക് 187 കോടി രൂപ ലഭിക്കും. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 40 കോടി രൂപ വീതവും അനുവദിച്ചു. ഈ സാമ്പത്തിക വർഷം ഇതുവരെ 6517 കോടി രുപയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറിയതെന്ന് ധനമന്ത്രിയുടെ ഓഫിസിൽ നിന്നുള്ള വാർത്തകുറിപ്പിൽ പറഞ്ഞു.

കൊടകര കുഴൽപ്പണക്കേസ് ഹൈക്കോടതിയിൽ ഹർജി നൽകിയത് കേസിലെ സാക്ഷി

കൊച്ചി: കൊടകര കുഴൽപ്പണക്കേസ് ഹൈക്കോടതിയിൽ. കേസിൽ ഇ.ഡി. അന്വേഷണം പൂർത്തിയാകത്തതിനെതിരെയാണ് ഹർജി. കൊടകര കേസിലെ സാക്ഷിയായ സന്തോഷാണ് ഹർജി നൽകിയത്. കേസ് ഹൈക്കോടതി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

അന്വേഷണം വേഗത്തിൽ പൂർത്തിയാക്കണമെന്നാവശ്യപ്പെട്ടാണ് ഹർജി. കേസിലെ അമ്പതാം സാക്ഷിയാണ് സന്തോഷ്. കൊള്ളയടിക്കപ്പെട്ട പണമുപയോഗിച്ച് പ്രതികൾ വാങ്ങിയ സ്വർണം അളന്നുതിട്ടപ്പെടുത്തിയതിന് സാക്ഷിയായിരുന്നു സന്തോഷ്. കേസിന്റെ അന്വേഷണം മുന്നോട്ട് പോയിട്ടില്ല, കേസിൽ കള്ളപ്പണ ഇടപാടുകൾ നടന്നിട്ടുണ്ട്, കൃത്യമായ അന്വേഷണം നടത്തി ഇ.ഡിയോട് അന്തിമ കുറ്റപത്രം സമർപ്പിക്കാൻ നിർദേശിക്കണം തുടങ്ങിയവയാണ് ഹർജിയിലെ ആവശ്യങ്ങൾ.

കൊടകരയിൽ കവർച്ച ചെയ്യപ്പെട്ട പണമുപയോഗിച്ച് പ്രതികൾ നടത്തിയിട്ടുള്ള ഇടപാടുകൾ കള്ളപ്പണ ഇടപാടുകളാണെന്നും അതാണ് തങ്ങളുടെ അന്വേഷണപരിധിയിലുള്ളതെന്നും പണം എവിടെ നിന്ന് ന്നുവെന്നും ആർക്ക് കൊണ്ടുവന്നു എന്നതും തങ്ങൾ അന്വേഷിക്കുന്നില്ല എന്ന നിലപാടാണ് ഇ.ഡി. സ്വീകരിച്ചിരിക്കുന്നത്.

കൊടകര കേസിൽ ഇ.ഡി. അന്വേഷണവുമായി ബന്ധപ്പെട്ട മൂന്നാമത്തെ ഹർജിയാണിപ്പോൾ ഹൈക്കോടതിയിൽ വന്നിരിക്കുന്നത്. നേരത്തെ ആം ആദ്മി പാർട്ടി പ്രവർത്തകൻ കേസുമായി ബന്ധപ്പെട്ട് ഹർജി നൽകിയപ്പോൾ മൂന്നാം കക്ഷിക്ക് ഇടപെടാനാകില്ലെന്നു ചൂണ്ടിക്കാട്ടിഹൈക്കോടതി ഹർജി തള്ളി.

ഇപ്പോൾ കേസുമായി ബന്ധമുള്ള വ്യക്തി തന്നെ ഹർജി സമർപ്പിച്ചതോടെ ഇ.ഡിക്കും ആദായനികുതി വകുപ്പിനും ഡിജിപിക്കും ഹൈക്കോടതി നോട്ടീസ് അയച്ചു. മൂന്നാഴ്ചയ്ക്കകം അന്വേഷണ പുരോഗതി അറിയിക്കണം.

നടി കസ്തൂരി ശങ്കറിന് മുൻകൂർ ജാമ്യമില്ല

ചെന്നൈ: തമിഴ്നാട്ടിലെ തെലുങ്ക് സമൂഹത്തിനെതിരെ വിവാദ പരാമർശം നടത്തിയ നടി കസ്തൂരി ശങ്കറിന് മദ്രാസ് ഹൈക്കോടതി മുൻകൂർ ജാമ്യം നിഷേധിച്ചു. മുൻകൂർ ജാമ്യം തേടി നടി സമർപ്പിച്ച ഹർജി ജസ്റ്റിസ് ആനന്ദ് വെങ്കിടേഷിന്റെ സിംഗിൾ ബെഞ്ച് തള്ളുകയായിരുന്നു.

നവംബർ 3ന് ചെന്നൈയിൽ നടന്ന ഒരു ബ്രാഹ്മണ യോഗത്തിൽ സംസാരിക്കവെയാണ് കസ്തൂരി തെലുങ്കർക്കെതിരായ പരാമർശം നടത്തിയത്. തമിഴ് രാജാക്കന്മാരുടെ അന്തഃപുരങ്ങളിൽ പരിചാരകമാരായി എത്തിയവർ ഇപ്പോൾതമിഴ് വംശത്തിൽ പെട്ടവരാണെന്ന് അവകാശപ്പെടുകയാണ് എന്നായിരുന്നു കസ്തൂരിയുടെ പരാമർശം. ഇതിനെതിരെ വ്യാപക പ്രതിഷേധങ്ങളുയർന്നതോടെ തന്റെ അഭിപ്രായങ്ങൾ ചില വ്യക്തികളെ ഉദ്ദേശിച്ചുള്ളതാണെന്നും തെലുങ്ക് സമൂഹത്തിന് എതിരല്ലെന്നും വ്യക്തമാക്കി കസ്തൂരി മാപ്പ് പറഞ്ഞിരുന്നു.

പരാതിയെത്തുടർന്ന് പോലീസ് കസ്തൂരിയ്ക്ക് സമൻസ് അയച്ചിരുന്നു. എന്നാൽ ഇവരുടെ വീട് പൂട്ടിയിട്ട നിലയിലായിരുന്നു. കസ്തൂരിയുടെ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്തിരിക്കുകയാണ്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ്; മാദ്ധ്യമങ്ങളെ വിലക്കി കളക്ടർ

കണ്ണൂർ: ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മാദ്ധ്യമങ്ങളെ വിലക്കി വരണാധികാരി കൂടിയായ കണ്ണൂർ ജില്ലാ കളക്ടർ അരുൺ കെ വിജയൻ. പിപി ദിവ്യ രാജിവച്ച ഒഴിവിലേക്കാണ് ഇന്ന് തിരഞ്ഞെടുപ്പ് നടന്നത്. തിരഞ്ഞെടുപ്പ് നടന്ന ഹാളിലേക്കാണ് മാദ്ധ്യമങ്ങളെ കടത്തി വിടാതെ വിലക്കേർപ്പെടുത്തിയത്. പഞ്ചായത്തിന് പുറത്ത് പൊലീസ് സുരക്ഷ കർശനമാക്കിയിരിക്കുകയാണ്. മാദ്ധ്യമപ്രവർത്തകരെ തടയാൻ നിർദേശമുണ്ടെന്നാണ് പൊലീസ് അറിയിച്ചത്.

ഇന്ന് രാവിലെ 11നാണ് ജില്ലാ പഞ്ചായത്ത് ഹാളിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടന്നത്. എഡിഎം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന പിപി ദിവ്യ രാജിവച്ചതിനെ തുടർന്നാണ് വീണ്ടും തിരഞ്ഞെടുപ്പ് നടന്നത്. ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിര സമിതി അദ്ധ്യക്ഷ കെകെ രത്നകുമാരിയാണ് തെരഞ്ഞെടുക്കപ്പെട്ടത്.

പ്രവാസി യുവാവും ഭാര്യയും സൗദിയിൽ മരിച്ച നിലയിൽ

ബുറൈദ: കൊല്ലം കടയ്ക്കൽ സ്വദേശികളായ ദമ്പതികളെ സൗദിയിൽ മരിച്ച നിലയിൽ കണ്ടെത്തി. അൽ ഖസീം പ്രവിശ്യയിലെ ബുറൈദെക്ക് സമീപം ഉനൈസയിലാണ് സംഭവം. ചിതറ ഭജനമഠം പത്മവിലാസത്തിൽ മണിയുടെ മകൻ ശരത് (40), ഭാര്യ പ്രീതി (32) എന്നിവരെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ശരത് മുറിയിൽ തൂങ്ങി മരിച്ച നിലയിലും പ്രീതിയെ തറയിൽ മരിച്ചുകിടക്കുന്ന നിലയിലുമാണ് കണ്ടെത്തിയത്.

ജോലിക്കെത്താതായതോടെ തൊഴിലുടമ താമസസ്ഥലത്ത് അന്വേഷിച്ചെത്തി. ഏറെ നേരം വാതിൽ തുറക്കാതിരുന്നതിനെ തുടർന്ന് പൊലീസെത്തി വാതിൽ തുറന്നപ്പോഴാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. വർഷങ്ങളായി ഉനൈസയിൽ ഇലക്ട്രിക്, പ്ലമ്പിംഗ് ജോലി ചെയ്തുവരികയായിരുന്നു ശരത്. രണ്ട് മാസം മുമ്പാണ് ഭാര്യ പ്രീതിയെ സൗദിയിലേക്ക് കൊണ്ടുവന്നത്. ഇരുവരും തമ്മിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിരുന്നതായോ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നതായോ വ്യക്തമല്ല.

ഉറങ്ങിക്കിടന്ന അമ്മയുടെയും കുഞ്ഞിന്റെയും മാല മോഷ്ടിച്ചു

ആലപ്പുഴ: വീട്ടിൽ ഉറങ്ങിക്കിടന്ന അമ്മയുടെയും കുഞ്ഞിന്റെയും മാല കവർന്നു. പുന്നപ്ര തൂക്കുകുളത്താണ് മോഷണം. മോഷണം നടത്തിയ മുഖംമൂടി സംഘത്തിന്റെ ദൃശ്യം സി.സി.ടി.വിയിൽ പതിഞ്ഞിട്ടുണ്ട്. ഇതോടെ, കുറുവ സംഘമാണെന്ന് സംശയം ഉയർന്നിട്ടുണ്ട്.

ഇന്ന് പുലർച്ചെയാണ് സംഭവം. തൂക്കുകുളം സ്വദേശിയായ മനോഹരന്റെ വീടിന്റെ അടുക്കള വാതിൽ കുത്തിത്തുറന്നാണ് സംഘം അകത്തുകയറിയത്. അമ്മയുടെ ഒന്നരപ്പവൻ മാലയും കുഞ്ഞിന്റെ അരപ്പവന്റെ മാലയുമാണ് മോഷ്ടിച്ചത്. പുന്നപ്ര പൊലീസിൽ പരാതി നൽകിയിട്ടുണ്ട്.

കഴിഞ്ഞ ദിവസങ്ങളിൽ ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ തുടർച്ചയായി മോഷണം നടക്കുകയാണ്. മണ്ണഞ്ചേരി പഞ്ചായത്തിൽ നാലിടങ്ങളിൽ ഒരേ രാത്രി മോഷണം നടന്നിരുന്നു. ഇതിനുപിന്നാലെയാണ് പുന്നപ്രയിലും മോഷണം നടന്നത്.

ആക്രമിക്കാൻ പോലും മടിയില്ലാത്ത മോഷ്ടാക്കളാണിവർ. മാരകായുധങ്ങളുമായെത്തി അടുക്കള വാതിൽ പൊളിച്ചാണ് കുറുവാ സംഘം മോഷണം നടത്തുന്നത്. ക്രിമിനലുകൾക്കായി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് പൊലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

മുനമ്പത്ത് നോട്ടീസ് അയച്ചത് താനല്ല; ടി.കെ ഹംസയുടെ കാലത്ത്: റഷീദലി ശിഹാബ് തങ്ങൾ

പാണക്കാട്: മുനമ്പത്ത് വഖഫ് ബോർഡിന് കീഴിലുള്ള ഭൂമി ഏറ്റെടുക്കാൻ നിർദേശം നൽകിയത് വി.എസ്. സർക്കാർ നിയമിച്ച നിസാർ കമ്മിഷൻ ആയിരുന്നുവെന്ന് മുൻ വഖഫ് ബോർഡ് ചെയർമാനായ പാണക്കാട് റഷീദലി ശിഹാബ് തങ്ങൾ. തന്റെ കാലത്ത് മുനമ്പത്തുള്ളവർക്ക് ഒരു നോട്ടീസ് പോലും അയച്ചിട്ടില്ലെന്നും തനിക്ക് ശേഷം വന്ന ടി.കെ ഹംസ ചെയർമാനായ ബോർഡാണ് നോട്ടീസ് അയച്ചതെന്നും റഷീദലി ശിഹാബ് തങ്ങൾ കൂട്ടിച്ചേർത്തു. 2014– മുതൽ 2019 വരെ റഷീദലി ശഹാബ് തങ്ങളായിരുന്നു വഖഫ് ബോർഡ് ചെയർമാൻ.

2008 കാലഘട്ടത്തിൽ വി.എസ് അച്യുതാനന്ദൻ സർക്കാറാണ് നിസാർ കമ്മിഷനെ നിയമിക്കുന്നത്. ആ കമ്മിഷന്റെ നിർദേശപ്രകാരം റിപ്പോർട്ട് വന്നു. അത് സർക്കാറിന് സമർപ്പിച്ചു. 2010ൽ ആ സ്വത്ത് തിരിച്ചുപിടിക്കണമെന്ന് സർക്കാറിന്റെ ഉത്തരവ് വന്നു. അതിനെതിരെ അവിടെ താമസിക്കുന്നവർ ഹൈക്കോടതിയിൽ ഹർജി നൽകി.

2016ൽ ഭൂമി തിരിച്ചുപിടിക്കണമെന്ന് ഹൈക്കോടതി ഉത്തരവ് വന്നു. എന്നാൽ താൻ ചെയർമാനായ വഖഫ് ബോർഡ് നോട്ടീസ് അയച്ചില്ല. ഇതേ തുടർന്ന് ഒടുവിൽ കോടതിയലക്ഷ്യ നോട്ടീസ് വന്നു. ഇതിനെ തുടർന്ന് ബോർഡ് മീറ്റിങ്ങ് കൂടി വിഷയം പരിഗണിച്ചു. എന്നാൽ ഒരു നോട്ടീസ് പോലും അയക്കാതെയാണ് കാലവധി പൂർത്തിയാക്കി ചെയർമാൻ സ്ഥാനത്തുനിന്ന് ഇറങ്ങിയത്. പിന്നീട്, ഭൂമി തിരിച്ചുപിടിക്കണമെന്ന് നോട്ടീസ് അയച്ചത് തന്റെ ശേഷം വന്ന വഖഫ് ബോർഡ് കമ്മിറ്റിയായിരുന്നു. അന്ന് ടി.കെ. ഹംസയായിരുന്നു ചെയർമാൻ. അദ്ദേഹമാണ് നോട്ടീസ് അയച്ചത്, താനല്ല. സർക്കാർ വിചാരിച്ചാൽ ഈ വിഷയം പരിഗണിക്കാവുന്നതേയുള്ളൂ.

മുനമ്പത്ത് നിരവധി പാവപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മാനുഷിക പരിഗണനവെച്ച് അവരെ ഇറക്കിവിടരുത്. പകരം പുനരധിവസിപ്പിക്കണമെന്നും റഷീദലി ശഹാബ് തങ്ങൾ വ്യക്തമാക്കി.

സിപിഎം പാലക്കാട് ജില്ലാ സെക്രട്ടറിയുടെ ആരോപണങ്ങൾക്ക് പിറകിൽ മന്ത്രി എം.ബി രാജേഷും അളിയനും; വി.ഡി സതീശൻ

കൊച്ചി: പാലക്കാട് എൽഡിഎഫ് സ്ഥാനാർത്ഥി പി. സരിൻ വ്യാജമായി വോട്ട് ചേർത്തെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. സരിൻ തൃശൂർക്കാരനാണെന്നും തിരഞ്ഞെടുപ്പ് സമയത്ത് വന്ന് പേര് ചേർത്തതാണെന്നും സതീശൻ ആരോപിച്ചു. സരിൻ തിരുവല്ലാമല്ലക്കാരനാണ്. ചേലക്കരയാണ് നിയോജകമണ്ഡലം. ഒറ്റപ്പാലത്ത് മത്സരിച്ചപ്പോൾ അവിടെ വോട്ട് ചേർത്തു, ഇപ്പോൾ ഇവിടെയും. ഇലക്ഷന് ശേഷം ചലഞ്ച് ചെയ്യുമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. സിപിഎം പാലക്കാട് ജില്ലാ സെക്രട്ടറിയുടെ ആരോപണങ്ങൾക്ക് പിറകിലുള്ളത് മന്ത്രി എം.ബി രാജേഷും അളിയനുമാണ്. നാടകങ്ങൾക്കെല്ലാം കാരണം ഇവർ മൂന്ന് പേരുമാണെന്നും സതീശൻ വ്യക്തമാക്കി.

പിണറായി വിജയൻ കഴിഞ്ഞാൽ സിപിഎമ്മിൽ ഏറ്റവും മുതിർന്ന നേതാവ് ഇ.പി ജയരാജനാണ്. ആ ജയരാജനെ സിപിഎം വീണ്ടും അപമാനിക്കുകയാണ്. ആത്മകഥയിലെ കാര്യങ്ങൾ പുറത്തുകൊണ്ടുവന്നത് പാർട്ടിയിലെ ഇ.പിയുടെ ശത്രുക്കളാണോ മിത്രങ്ങളാണോ എന്ന് അന്വേഷിക്കണം.

നവീൻ ബാബുവിന്റെ മരണത്തിന് കാരണക്കാരിയായ പിപി ദിവ്യ ഇടപെട്ട പെട്രോൾ പമ്പ് ഒരു സിപിഎം നേതാവിന്റെതാണ്. ദിവ്യ പാർട്ടിയുമായി ഇടയാതിരിക്കാനാണ് പാർട്ടി സെക്രട്ടറി എം.വി ഗോവിന്ദന്റെ ഭാര്യ ശ്യാമള ഗോവിന്ദൻ തന്നെ ജയിലിൽ സന്ദർശിക്കാൻ പോയതെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

അതേസമയം, ആത്മകഥാ വിവാദത്തിൽ ഇ.പി ജയരാജനോട് വിശദീകരണം ചോദിക്കില്ലെന്ന് എം.വി ഗോവിന്ദൻ പ്രതികരിച്ചു. ജയരാജൻ പാലക്കാട് പ്രചരണത്തിനെത്തുമെന്നും അപ്പോൾ കൂടുതൽ കാര്യങ്ങൾ വിശദമാക്കുമെന്നും സിപിഎം സംസ്ഥാന സെക്രട്ടറി മാദ്ധ്യമങ്ങളോട് പറഞ്ഞു.

വീണ്ടും ബോംബ് ഭീഷണി; ഇൻഡിഗോ വിമാനത്തിന് അടിയന്തര ലാൻഡിങ്

റായ്പൂർ: ബോംബ് ഭീഷണിയെ തുടർന്ന് ഇൻഡിഗോയുടെ നാഗ്പൂർ–കൊൽക്കത്ത വിമാനം റായ്പൂരിൽ അടിയന്തരമായി ഇറക്കി. 187 യാത്രക്കാരും ആറ് ജീവനക്കാരുമായി കൊൽക്കത്തയിലേക്ക് പോയ വിമാനമാണ് ബോംബ് ഭീഷണിയെ തുടർന്ന് ഇന്ന് രാവിലെ റായ്പൂർ വിമാനത്താവളത്തിൽ അടിയന്തരമായി ഇറക്കിയത്.

നാഗ്പൂരിൽ നിന്ന് കൊൽക്കത്തയിലേക്ക് പുറപ്പെട്ട വിമാനം അധികൃതർക്ക് ലഭിച്ച ഭീഷണിയെ തുടർന്ന് വഴിതിരിച്ചുവിട്ടതായി റായ്പൂർ സീനിയർ പൊലീസ് സൂപ്രണ്ട് സന്തോഷ് സിങ് പറഞ്ഞു.

രാവിലെ 9മണിക്ക് ശേഷം വിമാനം ഛത്തീസ്ഗഢ് തലസ്ഥാനമായ റായ്പൂരിലെ വിമാനത്താവളത്തിൽ ലാൻഡ് ചെയ്തു. നിർബന്ധിത സുരക്ഷാ പരിശോധനകൾക്കായി ഉടൻ ഐസൊലേഷൻ ബേയിലേക്ക് കൊണ്ടുപോയതായി ഉദ്യോഗസ്ഥർ പറഞ്ഞു. ടെക്നിക്കൽ സ്റ്റാഫും ബോംബ് സ്ക്വാഡും ചേർന്ന് വിമാനം വിശദമായി പരിശോധിച്ചുവരികയാണ്.

സ്വർണവില കുത്തനെ കുറയുന്നു

തിരു: സംസ്ഥാനത്ത് സ്വർണവില കുത്തനെ കുറയുന്നു. ഇന്ന് പവന് 880 രൂപ കുറഞ്ഞു. ഇതോടെ ഒരു പവന് സ്വർണത്തിന്റ വില 55,480 രൂപയായി. കഴിഞ്ഞ ദിവസങ്ങളിലും വില കുറഞ്ഞിരുന്നു. പവന് 1080 രൂപയാണ് കുറഞ്ഞത്. കഴിഞ്ഞ ദിവസം ഒരു പവന് 56,360 രൂപയായിരുന്നു വില. മൂന്ന് ദിവസം കൊണ്ട് ഇടിഞ്ഞത് രണ്ടായിരത്തിലധികം രൂപായാണ്. ഗ്രാമിന് 110 രൂപയാണ് കുറഞ്ഞത്. 6935 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

മുംബയ് വിമാനത്താവളത്തിന് ബോംബുഭീഷണി

ലഭിച്ചത് യാത്രക്കാരന്റെ കൈയിൽ സ്ഫോടക വസ്തുക്കൾ ഉണ്ടെന്ന സന്ദേശം

മുംബയ്: മുംബയിലെ ഛത്രപതി ശിവജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ബോംബ് ഭീഷണി. കേന്ദ്ര വ്യവസായ സുരക്ഷാ സേനയുടെ (സിഐഎസ്എഫ്) ടെർമിനൽ 1 കൺട്രോൾ റൂമിൽ ഉച്ചയോടെയാണ് അജ്ഞാതന്റെ ഭീഷണി സന്ദേശം ലഭിച്ചത്. മുഹമ്മദ് എന്നയാൾ സ്ഫോടക വസ്തുക്കളുമായി അസർബൈജാനിലേക്ക് പോവുന്നുണ്ട് എന്നാണ് വിളിച്ചയാൾ പറഞ്ഞത്. എന്നാൽ ഫ്ളൈറ്റ് വിശദാംശങ്ങൾ അയാൾ വെളിപ്പെടുത്തിയിരുന്നില്ല. ഉടൻതന്നെ കൂടുതൽ പൊലീസ് സേനയെ സ്ഥലത്തെത്തിച്ച് പരിശോധന നടത്തിയെങ്കിലും ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ലെന്നാണ് റിപ്പോർട്ട്.

വിമാനത്താവളത്തിലേക്ക് വിളിച്ച വ്യക്തി ആരെന്ന് കണ്ടുപിടിക്കാനുള്ള ശ്രമത്തിലാണ് ഇപ്പോൾ അധികൃതർ. മുൻകരുതൽ നടപടിയെന്ന നിലയിൽ വിമാനത്താവളത്തിലെ സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. യാത്രക്കാരുടെ വിശദാംശങ്ങളും ശേഖരിക്കുന്നുണ്ട്.

അടുത്തിടെയായി വിമാനങ്ങൾക്കുനേരെയുള്ള വ്യാജ ബോംബുഭീഷണികളുടെ എണ്ണം വൻതോതിൽ വർദ്ധിക്കുകയാണ്. ഭീഷണിയുമായി ബന്ധപ്പെട്ട് 35കാരനെ നാഗ്പൂർ പൊലീസ് കഴിഞ്ഞ ദിവസം അറസ്റ്റുചെയ്തിരുന്നു. ജഗദീഷ് എന്നയാളാണ് പിടിയിലായത്. ഇയാൾ നേരത്തേയും ചില കേസുകളിലെ പ്രതിയാണെന്നാണ് പൊലീസ് പറയുന്നത്. എന്നാൽ ഭീഷണി സന്ദേശം അയച്ചത് എന്തിനാണെന്ന് വ്യക്തമായിട്ടില്ല. സന്ദേശം അയച്ച ഇ മെയിൽ ഇയാളുടേതാണെന്ന് തിരിച്ചറിഞ്ഞതിനെത്തുടർന്നാണ് അറസ്റ്റെന്നാണ് പൊലീസ് പറയുന്നത്.

ഭീഷണി സന്ദേശങ്ങൾ പതിവായതോടെ വിമാനത്താവളങ്ങളുടെയും വിമാനങ്ങളുടെയും സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. യാത്രക്കാരെയും നിരീക്ഷിക്കുന്നുണ്ട്. എന്നാൽ സന്ദേശങ്ങളെത്തുടർന്നുള്ള പരിശോധനകളിൽ അസ്വാഭാവികമായ ഒന്നും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് അധികൃതർ വ്യക്തമാക്കുന്നത്.

രണ്ടുദിവസം ഗതാഗത നിയന്ത്രണം

തൃപ്രയാർ–കാഞ്ഞാണി–ചാവക്കാട് റോഡിൽ പഞ്ചാരമുക്ക് മുതൽ ചാവക്കാട് സെന്റർ വരെ ബിഎം & ബിസി ടാറിങ് നടക്കുന്നതിനാൽ ഇന്ന് രാത്രി 7 മുതൽ നാളെ രാവിലെ 6 വരെ ഈ വഴിയുള്ള ഗതാഗതം പൂർണമായി നിരോധിച്ചതായി ചാവക്കാട് പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) അസി. എഞ്ചിനീയർ അറിയിച്ചു.

ഭഗവദ്ഗീത തൊട്ട് സത്യപ്രതിജ്ഞ, ഡെമോക്രാറ്റ് വിട്ട് റിപ്പബ്ലിക്കനായി; യു എസ് ഇന്റലിജൻസിനെ നയിക്കാൻ തുൾസി

ന്യൂയോർക്ക് യുഎസ് ജനപ്രതിനിധിസഭാ മുൻ അംഗം തുൾസി ഗബാർഡിനെ നാഷണൽ ഇന്റലിജൻസ് ഡയറക്ടറായി നിയമിക്കുമെന്ന് നിയുക്ത യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. അഭിമാനിയായ റിപ്പബ്ലിക്കനാണ് തുൾസിയെന്ന് ട്രംപ് പ്രസ്താവനയിറക്കി. നേരത്തെ, വൈസ് പ്രസിഡന്റ് സ്ഥാനാർഥിയാകാൻ ട്രംപ് പരിഗണിച്ചവരിൽ മുൻപന്തിയിലുണ്ടായിരുന്ന വ്യക്തിയായിരുന്നു തുൾസി.

നിർഭയമായി തന്റെ കരിയറിലുടനീളം പ്രവർത്തിച്ച തുൾസി ഭരണഘടനാപരമായ അവകാശങ്ങൾ നേടിയെടുക്കുമെന്നും രാജ്യത്ത് സമാധാനം ഉറപ്പാക്കുമെന്നും താൻ വിശ്വസിക്കുന്നു. അവർ നമുക്കെല്ലാം അഭിമാനമാകും. ദീർഘകാലം സംശയത്തോടെ മാത്രം വീക്ഷിച്ചിരുന്ന അവിശ്വാസത്തോടെ കണ്ടിരുന്ന രാജ്യത്തിന്റെ രഹസ്യാന്വേഷണ സേവനങ്ങളെ മാറ്റിമറിക്കാനാണ് ആഗ്രഹിക്കുന്നത്. തന്റെ ആദ്യകാല ഭരണത്തേയും പ്രചാരണങ്ങളെയും തകർക്കാൻ യു.എസ് രഹസ്യാന്വേഷണ ഏജൻസികൾ ശ്രമിച്ചതായും ട്രംപ് പ്രസ്താവനയിൽ പറയുന്നു.

21–ാം വയസ്സിൽ ഹവായിയിൽ ജനപ്രതിനിധി അംഗമായി തിരഞ്ഞെടുക്കപ്പെട്ടതോടെയാണ് തുൾസിയുടെ രാഷ്ട്രീയ ജീവിതം ആരംഭിക്കുന്നത്. 9/11 ആക്രമണത്തിന് ശേഷം ആർമി നാഷണൽ ഗാർഡിൽ ചേർന്ന തുൾസി ഇറാഖിലും കുവൈത്തിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഡെമോക്രാറ്റിക് പാർട്ടി മുൻ നേതാവാണ്തുൾസി.

2020–ലെ പ്രസിഡൻഷ്യൽ തിരഞ്ഞെടുപ്പിൽ ട്രംപിന്റെ എതിരാളിയായി മത്സരിക്കാനൊരുങ്ങിയ തുൾസിക്ക് പിന്നീട് പിന്മാറേണ്ടിവന്നു. ഇതോടെ, 2022–ൽ ഡെമോക്രാറ്റിക് പാർട്ടി വിട്ടതിന് ശേഷം അടുത്തിടെയാണ് അവർ ട്രംപിന് പിന്തുണ പ്രഖ്യാപിക്കുന്നത്. ഡെമോക്രാറ്റിക് പാർട്ടി നേതാക്കളിൽ നിന്ന്, പ്രത്യേകിച്ച് ബൈഡനുമായും കമലയുമായും ഇടഞ്ഞുനിൽക്കുന്ന സമയത്താണ് അവർ റിപ്പബ്ലിക്കൻ പാർട്ടിയിലേക്ക് ചേക്കേറുന്നത്. കമലാ ഹാരിസിനെതിരായ സംവാദത്തിന് തയ്യാറെടുക്കുന്നതിൽ ട്രംപിനെ സഹായിച്ച വ്യക്തികൂടിയായിരുന്നു തുൾസി.

യു.എസിലെ സമോവയിലായിരുന്നു അവരുടെ ജനനം. യു.എസ് പാർലമെന്റിലെ ആദ്യ ഹിന്ദുമത വിശ്വാസികൂടിയായ ഗബാർഡ് ഭഗവദ്ഗീതയിൽ കൈവച്ചാണ് സത്യപ്രതിജ്ഞ ചെയ്തത്. ഹിന്ദുമത വിശ്വാസിയാണെങ്കിലും ഇന്ത്യൻ വംശജയല്ല ഇവർ. തുൾസി എന്ന പേര് കാരണം പലപ്പോഴും ഇന്ത്യക്കാരിയാണെന്ന് തെറ്റിദ്ധരിക്കപ്പെടുന്ന ഗബാർഡ് യഥാർഥത്തിൽ അമേരിക്കക്കാരിയാണ്. അമ്മ ഹിന്ദുമതം സ്വീകരിച്ചതോടെ മക്കൾക്കെല്ലാം ഹിന്ദു പേരുകൾ നൽകി എന്നതാണ് അവരുടെ പേരിന് പിന്നിലെ കാര്യം.

കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 964/2023

സഹോദര മരണാനന്തര സഹായ സംഘം
–വാദി
സക്കറിയ മുതൽ പേർ
–പ്രതികൾ

കുറി കരാർ പ്രകാരം പ്രതികളിൽ നിന്നും ലഭിക്കേണ്ട സംഖ്യകൾക്കായി ബോധിപ്പിച്ച അന്യായത്തിൽ രണ്ടാം പ്രതി കൊടുങ്ങല്ലൂർ താലൂക്ക്, എടവിലങ്ങ് വില്ലേജ്, ദേശത്ത്, പുതുകുളത്ത് അഹമ്മദ്കുട്ടി മകൻ ഡ്രൈവർ നിസാർ എന്നയാൾക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ചതനുസരിച്ച് 08–01–2025 തിയ്യതി പകൽ 11 മണിക്ക് കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ വിധിയാകുന്നതാണെന്നും ഇതിനാൽ അറിയിച്ചിരിക്കുന്നു.

എന്ന്, 07–11–2024
വാദിഭാഗം അഡ്വക്കേറ്റ്
എം എൻ സരസ (ഒപ്പ്)

കൃതജ്ഞത

എം. ഡി. നാരായണൻ (71)

കാവിൽ മാളിയേക്കൽ
കൊടകര

എന്റെ പ്രിയ ഭർത്താവ് കാവിൽ മാളിയേക്കൽ എം. ഡി. നാരായണന്റെ (71) നിര്യാണ വാർത്തയറിഞ്ഞ് ഞങ്ങളുടെ വസതിയിൽ നേരിട്ടുവന്നും അനുശോചന സന്ദേശങ്ങൾ വഴിയും ഞങ്ങളെ സമാശ്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഇന്ന് ശിശുദിനം

തൃശൂർ: ഇന്ന് ശിശുദിനം.ഇന്നത്തെ കുട്ടികളാണ് നാളത്തെ ഇന്ത്യയെ സൃഷ്ടിക്കുന്നത്, അവരെ വളർത്തിയെടുക്കുന്ന രീതിയാണ് രാജ്യത്തിന്റെ ഭാവി നിർണയിക്കുന്നതെന്ന് ദീർഘവീക്ഷണത്തോടെ കണ്ടിരുന്ന ആധുനിക ഇന്ത്യയുടെ ശില്പിയും ആദ്യ പ്രധാനമന്ത്രിയുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ 135-ാം ജന്മദിനമായ നവംബർ 14ന് രാജ്യം ശിശുദിനം ആഘോഷിക്കുന്നു. 1889 നവംബർ 14-ന് അലഹബാദിലാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജനിച്ചത്. കുട്ടികളുടെ ക്ഷേമത്തിനും ഉന്നമനത്തിനും സ്വാതന്ത്ര്യത്തിനും വിദ്യാഭ്യാസത്തിലും ശ്രദ്ധ ഊന്നാനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുമുള്ള ദിനമായാണ് ശിശുദിനം ആചരിക്കുന്നത്. ശിശുദിനം കുട്ടികളുടെ ആഘോഷമായാണ് കൊണ്ടാടുന്നത്. തലമുറകൾ പിന്നിടുമ്പോഴും പ്രിയപ്പെട്ട ചാച്ചാജിയോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കാനായി കുട്ടികൾ നെഹ്റുവിന്റെ വസ്ത്രണിഞ്ഞും ചിത്രംവരച്ചും ക്വിസ് മത്സരങ്ങൾ നടത്തിയും രാജ്യമെമ്പാടും അദ്ദേഹത്തിന്റെ ജന്മദിനം ആഘോഷിക്കുന്നു.

നിക്ഷേപസംഖ്യ തിരികെ നല്കിയില്ല, വീട്ടമ്മക്ക് 49,55,000/ രൂപയും പലിശയും നല്കുവാൻ വിധി

തൃശൂർ: നിക്ഷേപസംഖ്യ തിരികെ നൽകാതിരുന്നതിനെ ചോദ്യം ചെയ്ത് ഫയൽ ചെയ്ത ഹർജിയിൽ വീട്ടമ്മക്ക് നാല്പത്തിഒമ്പത് ലക്ഷത്തി അമ്പത്തിഅഞ്ചായിരം രൂപയും പലിശയും നൽകുവാൻ വിധി. മുപ്ലിയം വാളൂരാൻ വീട്ടിൽ ബിജിമോൾ ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ ചെട്ടിയങ്ങാടിയിലെ ധന വ്യവസായ സ്ഥാപനത്തിന്റെ, മാനേജിങ്ങ് പാർട്ണർ വടുക്കരയിലുള്ള ജോയ്.ഡി.പാണഞ്ചേരി, പാർട്ണർ ഭാര്യ റാണി എന്നിവർക്കെതിരെ ഇപ്രകാരം വിധിയായത്.ബിജിമോൾ 4700000 രൂപയാണ് നിക്ഷേപിക്കുകയുണ്ടായത്. ആദ്യഘട്ടത്തിൽ വാഗ്ദാനം ചെയ്ത പലിശ നൽകി വന്നിരുന്നു. പിന്നീട് പലിശ നൽകുന്നതിൽ വീഴ്ച വരുത്തുകയായിരുന്നു.

ആവശ്യപ്പെട്ടിട്ടും നിക്ഷേപസംഖ്യ തിരിച്ചുനൽകുകയും ചെയ്തില്ല. തുടർന്ന് ബിജിമോൾ ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർ മാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി ഹർജിക്കാരിക്ക് 4700000 രൂപയും നഷ്ടപരിഹാരമായി 250000 രൂപയും ചിലവിലേക്ക് 5000 രൂപയും ഈ തുകകൾക്ക് ഹർജി ഫയൽ ചെയ്ത തിയ്യതിയായ 2023 ജനുവരി 17 മുതൽ 9% പലിശയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരിക്ക് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

ഇന്ന് ലോക പ്രമേഹ ദിനം

ഇന്ന് ലോക പ്രമേഹ ദിനം. ഇന്നത്തെ ഭക്ഷണരീതിയും ജീവിതശൈലിയും പ്രമേഹ രോഗത്തിന് കാരണമാകുന്ന പ്രധാന ഘടകങ്ങളാണ്. പ്രമേഹ രോഗികൾ ഏറെയുള്ള കേരളത്തിലും പ്രമേഹ രോഗ സാധ്യത ഓരോ വർഷവും കൂടുന്നതായാണ് പഠനങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

160ൽ പരം രാജ്യങ്ങളിലാണ് നവംബർ 14 ലോക പ്രമേഹ ദിനമായി ആചരിക്കുന്നത്. ഓരോ ദിവസവും പ്രമേഹ രോഗികളുടെ എണ്ണം വർധിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്ന ഹോർമോൺ ആണ് ഇൻസുലിൻ. പാൻക്രിയാസ് ഗ്രന്ഥി ശരീരത്തിന് ആവശ്യമായ ഇൻസുലിൻ ഉല്പാദിപ്പിക്കാതിരിക്കുകയോ, അല്ലെങ്കിൽ ഉത്പാദിപ്പിക്കുന്ന ഇൻസുലിൻ ശരീരത്തിന് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാതെ വരുന്ന അവസ്ഥയാണ് പ്രമേഹം. ജീവിതശൈലി രോഗം എന്ന് ഗണത്തിൽ നിന്ന് മഹാമാരി എന്ന ഗണത്തിലേക്ക് അതിവേഗം സഞ്ചരിക്കുകയാണ് പ്രമേഹം.

മരണകാരണമായ രോഗങ്ങളുടെ കൂട്ടത്തിൽ പ്രമേഹത്തിന് ഒമ്പതാം സ്ഥാനമാണ് ഉള്ളത്. വരുംവർഷങ്ങളിൽ അത് ഉയരാനാണ് സാധ്യത എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. പ്രമേഹത്തെ നിയന്ത്രിക്കാനുള്ള സന്ദേശം പകരുക കൂടിയാണ് ലോക പ്രമേഹ ദിനത്തിന്റെ ലക്ഷ്യം. ആഗോള ആരോഗ്യം ശാക്തീകരിക്കുക എന്നതാണ് ഈ വർഷത്തെ പ്രമേഹ ദിനത്തിന്റെ സന്ദേശം. നിലവിൽ ലോകത്ത് ഏറ്റവും കൂടുതൽ പ്രമേഹരോഗികൾ ഉള്ളത് ചൈനയിലാണ്. രണ്ടാം സ്ഥാനത്ത് ഇന്ത്യയുണ്ട് .കേരളത്തിൽ അഞ്ചിൽ ഒരാൾക്ക് പ്രമേഹമുണ്ടെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു.

മുതിർന്നവരിൽ കാണുന്ന ടൈപ്പ് 2 പ്രമേഹത്തെക്കാൾ സങ്കീർണ്ണമാണ് കുട്ടികളിലേത്. ചികിത്സാച്ചെലവ് സാധാരണക്കാരുടെ പരിമിതികളെ താളം തെറ്റിക്കുന്നു . ശ്രദ്ധിച്ചില്ലെങ്കിൽ അൽപം അപകടകരവുമാണ് ഈ അവസ്ഥ. ഇതിന് പ്രതിവിധിയായി കുട്ടികളിലെ പ്രമേഹം നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനായാണ് 'മിഠായി' എന്ന പദ്ധതി കേരള സർക്കാർ 2018ൽ ആരംഭിച്ചത്. ടൈപ്പ് വൺ പ്രമേഹം ബാധിച്ച കുട്ടികൾക്കും, കൗമാരക്കാർക്കും സമഗ്ര ആരോഗ്യപരിരക്ഷ നൽകുന്നതാണ് പദ്ധതി.

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല യൂണിയൻ 2023-24

ഒല്ലൂർ: ഇന്റർസോൺ കലോത്സവം2024 നവംബർ 17,18,19,20 വൈദ്യരത്നം ആയുർവേദകോളേജ്, ഒല്ലൂർസംഘാടകസമിതി ഓഫീസ് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ ഡോ എസ് ഗോപകുമാർ ഉദ്ഘാടനം ചെയ്തു.

കോളേജ് പ്രിൻസിപ്പാൾ ഡോ വി. എൻ പ്രസന്ന, വൈസ് പ്രിൻസിപ്പാൾ ഡോ അഞ്ജു കെ പി, പ്രോഗ്രാം കമ്മിറ്റി കൺവീനർ ജിഷ്ണു സത്യൻ, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല യൂണിയൻ വൈസ് ചെയർമാൻ ഭഗീരഥ് എസ് പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.

കോടതി പരസ്യം

ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 2324/2017

1) പരമേശ്വരൻ, 59 വയസ്, 'മാതൃഭൂമി'യിൽ ജോലി S/o. വരുതിയിൽ വിശാലാക്ഷി അമ്മ, 'ചിത്ര', മോയൻസ് സ്കൂൾ പിന്നിലെ ഗേറ്റിനു എതിർവശം, താരെക്കാട്, പാലക്കാട്-678001
2) നന്ദകുമാർ, 57 വയസ്, കമ്പനി ജോലി, S/o.വരുതിയിൽ വിശാലാക്ഷി അമ്മ, 36/2, 8th Main. ചൗഡേശ്വരി ലെയൗട്ട്, മരോത്തള്ളി, ബാംഗ്ലൂർ-580037
3) സത്യലക്ഷ്മി, 55 വയസ്, ഗൃഹകാര്യം, D/o. പ്രഭാകര മേനോൻ, മന്നത്ത് ഹൗസ്, മന്നത്ത് ലെയിൻ, തൃശൂർ-680001
4) സത്യനാരായണൻ, 53 വയസ്, S/o. പ്രഭാകര മേനോൻ, മന്നത്ത് ഹൗസ്, മന്നത്ത് ലെയിൻ, തൃശൂർ-680001

- അന്യായം

1) തൃശൂർ താലൂക്ക്, പുല്ലഴി വില്ലേജ്, ചേറ്റുപുഴ ദേശത്ത് വരുതിയിൽ ജാനകിയമ്മ മകൾ 56 വയസ് നന്ദിനി
2) തൃശൂർ താലൂക്ക്, പുല്ലഴി വില്ലേജ്, ചേറ്റുപുഴ ദേശത്ത് വരുതിയിൽ ജാനകിയമ്മ മകൾ 54 വയസ് വത്സല

-1, 2 പ്രതികൾ

മേൽ നമ്പറിൽ 1, 2 പ്രതികളെ അറിയിക്കുന്നത്: മേൽ നമ്പറിൽ 1, 2 പ്രതികൾക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തി അറിയിക്കാൻ ഉത്തരവായി മേൽ നമ്പർ കേസ് **20-11-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരാകാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് വിധിയാകുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 13-11-2024

അന്യായഭാഗം അഡ്വക്കേറ്റ്

വി ആർ രാമചന്ദ്രൻ (ഒപ്പ്)

താത്കാലിക നിയമനം

തൃശൂർ : ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് കേരഫെഡിൽ നിലനിൽക്കുന്ന വിഷയം സമഗ്രമായി പരിശോധിക്കുന്നതിന് തഹസിൽദാർ/ഡെപ്യൂട്ടി കളക്ടർ തസ്തികയിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരെ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു. അപേക്ഷകൾ നവംബർ 25 വൈകിട്ട് 5നകം മാനേജിങ് ഡയറക്ടർ, കേരഫെഡ് ഹെഡ് ഓഫീസ്, കേര ടവർ, വെള്ളയമ്പലം, വികാസ് ഭവൻ, തിരുവനന്തപുരം 695 033 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 2321660, 2326209, 2322736. ഇ-മെയിൽ: contact@kerafed.com.

മുനമ്പം:കടുപ്പശ്ശേരി ദേവാലത്തിൽ സമരം നടത്തി

കടുപ്പശ്ശേരി: മുനമ്പം വിഷയത്തിൽ സമരം നടത്തുന 610 കുടുംബങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കടുപ്പശ്ശേരി തിരുഹൃദയ ദേവാലത്തിൽ സമരം നടത്തി.

വികാരി ഫാ.റോബിൻ പാലാട്ടി ഉദ്ഘാടനം ചെയ്തു. കൈക്കാരന്മാരായ റാഫേൽ ചാതേലി, ആന്റണി ആലപ്പാട്ട് തോട്ട്യാൻ കേന്ദ്രസമിതി പ്രസിഡന്റ് ജോബി മാളിയേക്കൽ, മദർ.സിസ്റ്റർ.ലിസി മാത്യു, പ്രിൻസി ബാജു, ഡെയ്സി പട്ടത്തുപറമ്പിൽ, ബിജു കൊടിയൻ, ജെറിൻ ജിൻസൻ തുടങ്ങിയവർ നേതൃത്വം നൽകി.

റിസർച്ച് ഡേ - തൃശ്ശൂർ മെഡിക്കൽ കോളേജ് -2024 അലുംനി ഓഡിറ്റോറിയത്തിൽ

തൃശ്ശൂർ: മെഡിക്കൽ കോളേജിൽ നിന്ന് 2024 ൽ പൂർത്തിയാക്കിയ, പിജി വിദ്യാർത്ഥികളുടെ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്.

ആകെ 66 ഗവേഷണ പ്രബന്ധങ്ങളിൽ ഈ പരിപാടിയിൽ അവതരിപ്പിക്കപ്പെടുന്നു.

ഏറ്റവും മികച്ച പത്തെണ്ണം സ്റ്റേജിൽ വെച്ച് അവതരിപ്പിക്കപ്പെടുന്നു. 56 എണ്ണം പോസ്റ്ററുകളായി പ്രദർശിപ്പിക്കപ്പെടുന്നു. ഇവയെ ആസ്പദമാക്കി മെഡിക്കൽ ഗവേഷണ രംഗത്തെ പ്രമുഖർ ചർച്ച നടത്തുന്നു. ഏറ്റവും മികച്ച മൂന്ന് ഗവേഷണ പ്രബന്ധങ്ങൾക്ക് പ്രത്യേക സമ്മാനം നൽകുന്നു.

ഇതാദ്യമായാണ് ഒരു മെഡിക്കൽ കോളേജിൽ നടത്തുന്ന എല്ലാ പിജി ഗവേഷണങ്ങളും അവതരിപ്പിക്കാൻ ഒരു പൊതു വേദി ഒരുക്കുന്നത്

കുടുംബശ്രീ തൊഴിൽമേള മന്ത്രി ഡോ ആർ ബിന്ദു ഉദ്ഘാടനം ചെയ്യും

ഇരിങ്ങാലക്കുട : തൃശ്ശൂർ കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശൽ യോജന പദ്ധതി (ഡി ഡി യു ജി കെ വൈ), കേരള നോളജ് ഇക്കോണമി മിഷൻ (കെകെഇഎം) എന്നിവ സംയുക്തമായി 'കണക്ട് 24' എന്ന പേരിൽ നവംബർ 16 ന് ജില്ലാതല റീജിയണൽ തൊഴിൽ മേളയും മൊബലൈസേഷൻ ക്യാമ്പും ഇരിങ്ങാലക്കുട രാജീവ് ഗാന്ധി ടൗൺ ഹാളിൽ സംഘടിപ്പിക്കുന്നു.

നവംബർ 16 ന് രാവിലെ 10.30 ന് നടക്കുന്ന തൊഴിൽ മേളയുടെ ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു നിർവ്വഹിക്കും.

തൊഴിൽ മേളയിൽ എസ് എസ് എൽ സി മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും അഭിരുചിയുമുള്ള 18 നും 45 നും മദ്ധ്യേ പ്രായമുള്ളവർക്ക് പങ്കെടുക്കാം.

നവംബർ 16 ന് രാവിലെ 8.30 മുതൽ 11 വരെ സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കും.

സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ

തൃശൂർ : പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ യജ്ഞം 2025 ന്റെ ഭാഗമായി കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിലോ ഓൺലൈനിലോ (ceo.kerala.gov.in) അതത് പോളിംഗ് സ്റ്റേഷനുകളിലെ ബിൽ ഓമാർ മുഖേനയോ പൊതുജനങ്ങൾക്കു പരിശോധിക്കാം. വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും മരണപ്പെട്ടവരെയും സ്ഥിരതാമസമല്ലാത്തവരെയും വോട്ടർ പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും നവംബർ 28 വരെ അവസരമുണ്ട്. തിരഞ്ഞെടുപ്പ് കമ്മിഷന്റെ voters.eci.gov.in എന്ന വെബ് സൈറ്റിലൂടെയും Voter Helpline എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. അതത് ബൂത്തിലെ ബി.എൽ.ഒമാർ മുഖേനയും അപേക്ഷിക്കാം.

പാർലമെന്റ്/നിയമസഭാ തിരഞ്ഞെടുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനും രണ്ട് വോട്ടർ പട്ടിക ഉപയോഗിക്കുന്നതിനാൽ രണ്ടുപട്ടികയിലും പേര് ഉൾപ്പെട്ടിട്ടുണ്ടെന്ന് വോട്ടർമാർ പ്രത്യേകം ഉറപ്പാക്കണം. പൊതുജനങ്ങളും രാഷ്ട്രീയ പാർട്ടികളും ഈ അവസരം പരമാവധി വിനിയോഗിച്ച് കുറ്റമറ്റ വോട്ടർ പട്ടിക തയ്യാറാക്കുന്ന പ്രക്രിയയിൽ പങ്കാളിയാകണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ അഭ്യർഥിച്ചു.

നിര്യാതരായി

ജോസഫ്



ഇരിങ്ങാലക്കുട തെക്കേ അങ്ങാടി സേക്രഡ് ഹാർട്ട് യൂണിറ്റ് - തെക്കേക്കര മൂക്കനാപറമ്പിൽ പൗലോസ് മകൻ ജോസഫ് (91 വയസ് . റിട്ടയേർഡ് ബിലായ് സ്റ്റീൽ പ്ലാൻഡ് എക്കൗൺഡ്സ് ഓഫിസർ) നിര്യാതനായി.സംസ്കാരം ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ നടന്നു.

ഭാര്യ: പരേതയായ തങ്കമ്മ ജോസഫ് (കുറ്റിക്കാട് നെയ്യൻ കുടുംബാംഗം) മക്കൾ: ലീലറ്റ് (റിട്ടയേർഡ് ടീച്ചർ മണ്ണുത്തി ഡോൺ ബോസ് കോസ്കൂൾ), മാക്സി (റിട്ട. ടീച്ചർ ഡോൺ ബോസ്കോ സ്കൂൾ), ക്ലീറ്റസൺ (ഇലക്ട്രിക്കൽ എഞ്ചിനിയർ അബുദാബി) മരുമക്കൾ: വർഗ്ഗീസ് കോനിക്കര (എഡി കരണ്ട് പോട്ട), പോൾ അക്കരപറ്റി (എസ്.എസ്. ഭവാൻസ് മസ്കത്ത്) സിജി കടവി (ടീച്ചർ സെന്റ് ജോസഫ്സ് സ്കൂൾ അബുദാബി)

എം ജി മോഹൻലാൽ (ഉണ്ണി)

ഇരിങ്ങാലക്കുട: പൊറത്തിശ്ശേരി ടാഗോർ വായനശാലയുടെ സമീപത്തു താമസിക്കുന്ന മണപ്പെട്ടി എം.ജി.മോഹൻലാൽ (ഉണ്ണി) 72 നിര്യാതനായി ഭാര്യ: ഡോ: കെ.എസ്. മണി (റിട്ട: ആയുർവേദ മെഡിക്കൽ ഓഫീസർ പൊറത്തിശ്ശേരി) 1665 സമർ എസ്. എൻ. ഡി. പി ശാഖാ പ്രസിഡണ്ട് മഹാത്മ എഡ്യുക്കേഷണൽ ട്രസ്റ്റ് , എക്സി മെമ്പർ, ഐലന്റ് കുറീസ് ഡയറക്ടർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്

വിദ്യാർഥിനിക്ക് നേരെ ലൈംഗികാതിക്രമം; പാരലൽ കോളജ് പ്രിൻസിപ്പൽ അറസ്റ്റിൽ

കൊല്ലം: പ്ലസ് വൺ വിദ്യാർഥിനിക്ക് നേരെ ലൈംഗികാതിക്രമം നടത്തിയ പാരലൽ കോളജ് പ്രിൻസിപ്പൽ അറസ്റ്റിൽ. മുക്കുന്നം സ്വദേശി അഫ്സൽ ജമാലാണ് അറസ്റ്റിലായത്.

ഉപജില്ലാ കലോത്സവത്തിന് എത്തിയപ്പോഴാണ് കുട്ടിക്ക് ലൈംഗികാതിക്രമം നേരിടേണ്ടിവന്നത്. ഇക്കഴിഞ്ഞ ഏഴാം തീയതി ചടയമംഗലം ഉപജില്ലാ കലോത്സവത്തിനിടെയാണ് കേസിന് ആസ്പദമായ സംഭവം നടന്നത്.

സ്കൂളിന് സമീപത്തെ പാരലൽ കോളേജുകളും കലോത്സവ വേദിയായിരുന്നു. മത്സരത്തിൽ പങ്കെടുക്കാനെത്തിയ കുട്ടിയെ അഫ്സൽ ജമാൽ കടന്നു പിടിച്ചെന്നാണ് പരാതി.

പെൺകുട്ടി പ്രതിയിൽ നിന്നും രക്ഷപ്പെട്ട് ഓടുകയായിരുന്നു. സംഭവത്തിന് ശേഷം കുട്ടി കടുത്ത മാനസിക സമ്മർദ്ദത്തിലായിരുന്നു. രക്ഷിതാക്കളാണ് കടയ്ക്കൽ പൊലീസിൽ പരാതി നൽകിയത്. പിന്നാലെ ഒളിവിൽ പോയ അഫ്സൽ ജമാലിനെ പൊലീസ് നടത്തിയ തെരച്ചിലിൽ പിടികൂടുകയായിരുന്നു.

കുട്ടിയോട് അഫ്സൽ നേരത്തെ പ്രണയാഭ്യർത്ഥന നടത്തിയിട്ടുണ്ടെന്നും ശല്യപ്പെടുത്തിയിട്ടുണ്ടെന്നും കുട്ടി മൊഴി നൽകിയതായി പൊലീസ് അറിയിച്ചു. പോക്സോ ഉൾപ്പടെയുള്ള വകുപ്പുകളാണ് അഫ്സലിനെതിരെ ചുമത്തിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

നോവലിസ്റ്റ് "പാറപ്പുറത്ത്" ദൈവത്തിന്റെ കയ്യൊപ്പുള്ള അത്ഭുതവിത്ത്

ബേബി മൂക്കൻ

മാവേലിക്കരയിലെ കുന്നത്ത് കിഴക്കേ പൈനാമൂട്തറവാട്ടിൽ കുഞ്ഞുനൈനയുടെ ഈശോ-ശോശാമ്മ ദമ്പതികളുടെ മകനായി 1924 നവംബർ 14ന് ജനിച്ച മത്തായി ഹൈസ്കൂളിൽ പഠിക്കുമ്പോൾ 15-ാം വയസ്സിൽ പിതാവ് മരിച്ചതുകൊണ്ട് ചെറുപ്പത്തിൽ തന്നെ കുടുംബം പോറ്റാൻ വേണ്ടി പട്ടാളത്തിൽ ചേരേണ്ടിവന്നു. പട്ടാളത്തിൽ സ്വന്തം പേരിൽ രചന നടത്താൻ കഴിയാത്തതുകൊണ്ട് വീടിനടുത്ത് കാടുപിടിച്ചു കിടന്നിരുന്ന ഒരു കരിമ്പാറയുടെ പേര് യാദൃശ്ചികമായി സ്വീകരിച്ചു. അതുമായി ബന്ധമൊന്നും ഇല്ലായിരുന്നെങ്കിലും "പാറപ്പുറത്ത്" തൂലിക നാമമായി. ബൈബിളിൽ പറയുന്നത് പാറപ്പുറത്ത് വീണ വിത്ത് വൈകാതെ കരിഞ്ഞുപോകുമെന്നാണ്. എന്നാൽ ഈശോയുടെ മകനായ മത്തായി എന്ന "അത്ഭുതവിത്ത്" പാറപ്പുറത്താണെങ്കിലും 100 മേനി വിളഞ്ഞ് അത്ഭുതവിത്തായിമാറി.

ജനപ്രിയ നോവലിസ്റ്റ്, കഥാകൃത്ത്, നാടകകൃത്ത്, തിരിക്കഥാകൃത്ത്, പ്രസാധകൻ, സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ടർ, പ്രസിഡണ്ട് നിരവധി ജനപ്രിയ സിനിമകളുടെ സൂത്രധാരൻ തുടങ്ങിയ നിലകളിൽ ഒരു കാലഘട്ടം മുഴുവൻ നിറഞ്ഞുനിന്ന ബഹുമുഖപ്രതിഭയായിരുന്നു കെ.ഇ. മത്തായിയെന്ന പാറപ്പുറത്ത്.

സെക്കന്തറബാദിനും ഔറംഗബാദിനും ഇടയ്ക്കുള്ള ജാൽന പട്ടണത്തിൽ 1944-ൽ പയനീർ കോർ വിഭാഗത്തിൽ ഹവിൽദാർ ക്ലർക്കായി ജോലിയിൽ പ്രവേശിച്ചു. റിക്കാർഡുകൾ സൂക്ഷിക്കലായിരുന്നു പണി. ആസ്പത്രിയിൽ കിടക്കുമ്പോൾ ഒരു നഴ്സായി പ്രണയത്തിലായെങ്കിലും സഫലമായില്ല. അതൊരു നോവലായി പുറത്തുവന്നിട്ടുണ്ട്. അവിടെവെച്ച് ക്യാമ്പിൽ അവതരിപ്പിക്കാൻ വേണ്ടി നാടകങ്ങളും എഴുതിയിട്ടുണ്ട്. അക്കാലത്ത് പട്ടാളകഥാകാരന്മാരായ കോവിലനും നന്തനാറുമായി പരിചയപ്പെടാൻ കഴിഞ്ഞിട്ടുണ്ട്.

1952-ൽ റാന്നി കല്ലാൽപതാലിൽ മാത്യുവിന്റെ മകൾ അമ്മിണിയെ വിവാഹം ചെയ്തു. 1965-ൽ 21വർഷത്തെ പട്ടാളസേവനത്തിനുശേഷം നാട്ടിൽ മടങ്ങിവന്നു. 1973 -ൽ സരിത പ്രസ്സ് തുടങ്ങി. 1974-77 കാലത്ത് ചഅട ഡയറക്ടർ ബോർഡ് അംഗമായിരുന്നു. 1980-ൽ വീണ്ടും ഡയറക്ടറായി കുറച്ചുകാലം പ്രസിഡണ്ടും ആയിരുന്നു. 1981 ഡിസംബർ 30 ന് നിര്യാതനായി.

മകനും ഭാര്യ കൊച്ചുമോളും

ഒരു കാലത്ത് മുട്ടത്ത് വർക്കിയെപ്പോലെ മലയാളികൾ വായിക്കാൻകാത്തിരുന്ന നോവലുകളായിരുന്നു പാറപ്പുറത്തിന്റേത്. 14 കഥാസമാഹാരങ്ങളും 19 നോവലുകളും ഒരു നാടകവും 2 ലഘുനാടകങ്ങളും ഒരു ഓർമ്മക്കുറിപ്പും ഉൾപ്പടെ 35 കൃതികൾ രചിച്ചിട്ടുണ്ട്.

ലോകവാണി, മാതൃഭൂമി, ജയകേരളം തുടങ്ങിയ വാരികകളിലാണ് ആദ്യകാല കൃതികൾ പ്രസിദ്ധീകരിച്ചത്.

ഒരേ സമയം പട്ടാളക്കഥകളും, തിരുവിതാംകൂറിലെ ഗ്രാമീണജീവിതവും കൃതികളിൽ പകർത്തി വായനക്കാരെ ആകർഷിച്ച കഥാകാരനായിരുന്നു അദ്ദേഹം. അതുകൊണ്ട് തന്നെ 7 നോവലുകൾ പ്രസിദ്ധമായ സിനിമകൾക്ക് കാരണമായി. അന്വേഷിച്ചു കണ്ടെത്തിയില്ല, തറവാട്ടമ്മ "പണിതീരാത്ത വീട്" (പ്രസിഡണ്ട് അവാർഡ് & സംസ്ഥാന ഫിലിം അവാർഡ്), മാസ്റ്റർ പീസായി കണക്കാക്കുന്ന നോവൽ "അരനാഴിക നേരം" ആണ് മനസ്സുകൊണ്ടൊരു മടക്കയാത്ര, തേൻവരിക്ക, നന്മയുടെ പൂക്കൾ, വഴിയമ്പലം, അവസ്ഥാന്തരം, മകനെ നിനക്കുവേണ്ടി, ആകാശത്തിലെ പറവകൾ തുടങ്ങിയ നോവലുകളും ശ്രദ്ധിക്കപ്പെട്ടതാണ്.

തന്പുരാട്ടിമന്ത്രിസിനി എന്നീ സിനിമകൾക്കും മറ്റു 11 സിനിമകൾക്കും തിരക്കഥകളെഴുതിയിട്ടുണ്ട്

1965-ൽ നാലുവഴികൾ എന്ന കഥാസമാഹാരത്തിന് കേരള സാഹിത്യ അക്കാദമി, ടജഇട അവാർഡുകളും ലഭിച്ചിട്ടുണ്ട്. മരിക്കുന്ന അവസരത്തിൽ 'കാണാപ്പൊന്ന്' എന്ന നോവലിന്റെ പണിപ്പുരയിലായിരുന്നു അദ്ദേഹം. 2006ൽ ഭാര്യ മരിച്ചു. സുനിൽ, സുജാത, സംഗീത, സന്തോഷ് എന്നിവരാണ് മക്കൾ.

വെറും 57 വർഷം മാത്രം നീണ്ടുനിന്ന ആ മഹാപ്രതിഭയുടെ ജീവിതത്തിന് 1981-ൽ തിരശ്ശീല വീണെങ്കിലും അദ്ദേഹത്തിന്റെ കൃതികളും സിനിമകളും മനുഷ്യമനസ്സിൽ എന്നെന്നും നിലനില്ക്കുമെന്നതിന് സംശയമില്ല. നവംബർ 14 ന് രാവിലെ 10 ന് ജന്മശതാബ്ദി ദിനത്തോടനുബന്ധിച്ച് തൃശൂർ കലാസദൻ സാഹിത്യ അക്കാദമി സ്മൃതിമണ്ഡപത്തിൽ ഒരു സമ്മേളനം ഒരുക്കിയിട്ടുണ്ട്.

ദൈവശബ്ദം - കൃപാഗ്നി ബൈബിൾ കൺവെൻഷൻ തുടങ്ങി

തൃശൂർ: തൃശൂർ ശക്തൻ തമ്പുരാൻ നഗർമാർക്കറ്റിലെ തൊഴിലാളി കൂട്ടായ്മയായ മീറ്റ് ജീസസ് പ്രെയർ ടിം സംഘടിപ്പിക്കുന്ന ദൈവശബ്ദം - 2024 കൃപാഗ്നി ബൈബിൾ കൺവെൻഷൻ തൃശൂരിൽ ആരംഭിച്ചു തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു കരിസ്മാറ്റിക്ക് ഡയറക്ടർ ഫാ: റോയ് വേള കൊമ്പിൽ ബൈബിൾ പ്